# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2399** **07.10.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്**

**വീട്ടുകളിലെ പച്ചക്കറി കൃഷി**

| ചോദ്യം<br>**ശ്രീ.പി.സി.ജോർജ്ജ്** | | മറുപടി<br>**ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|---|
| എ) വീടുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിവരിക്കുമോ;<br><br>ബി) പച്ചക്കറി കൃഷി വീട്ടമ്മമാരിലൂടെ പ്രോത്സാഹനം കൊടുത്ത് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | എ) യും ബി) യും | സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ വീടുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ 10 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സ്കൂൾ വിദ്യാർത്ഥികൾക്കും, 10 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ വീട്ടമ്മമാർക്കും സൗജന്യമായി നൽകി വരുന്നു. ഇതിനായി പദ്ധതിയിൻ കീഴിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി, പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്യൽ, നഗരപ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 'ഹരിതനഗരി' എന്നീ പദ്ധതികൾ വി.എഫ്.പി.സി.കെ വഴിയും നടപ്പിലാക്കി വരുന്നു. |
| സി) ഇവർക്കായി വിവിധ ഏജൻസി വഴി പച്ചക്കറി വിത്തുകളും, വളങ്ങളും മറ്റും നൽകുവാൻ നടപടി സ്വീകരിക്കുമോ ? | സി) | വാർത്താ മാധ്യമങ്ങളുടെ സഹകരണത്തോടെ 4.8 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, സന്നദ്ധ സംഘടനകൾ മുഖേന 4 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും ഇതിനോടകം വിതരണം നടത്തുകയും, ടി പദ്ധതി തുടർന്ന് വരുകയുമാണ്. ജൈവവളങ്ങൾ, ജൈവകീടനാശിനികൾ, രോഗപ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ എന്നിവ കൃഷി ഭവനുകൾ, വി.എഫ്.പി.സി.കെ-യുടെ സ്വാശ്രയ കർഷക വിപണികൾ, കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ, കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാനകേന്ദ്രങ്ങൾ, ഹോർട്ടികോർപ്പ്, അഗ്രോ ബസാറുകൾ എന്നിവ വഴി വിതരണം ചെയ്യുന്നുണ്ട്. |

S. [signature]

സെക്ഷൻ ഓഫീസർ